**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീമതി. പ്രജിത. പി.ടി. ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി).41222/2017 നമ്പർ കേസിന്മേലുള്ള ഇടക്കാല വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ. (സാധാ) നം.2364/2018/തസ്വഭവ. തിരുവനന്തപുരം, തീയതി,05.09.2018

---

പരാമർശം:- 1. ശ്രീമതി. പ്രജിത പി.ടി. 11.09.2017- ൽ സമർപ്പിച്ച നിവേദനം.

2. 41222/2017 നമ്പർ കേസിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 20.12.2017- ലെ ഇടക്കാല ഉത്തരവ്.
3. ശ്രീമതി. പ്രജിത പി.ടി.യുടെ 31.08.2018- ലെ നിവേദനം
4. ഗ്രാമവികസന കമ്മീഷണറുടെ 22.03.2018-ലെ1160/ആർ1.5/2018/സി.ആർ.ഡി നമ്പർ കത്ത്.
5. ഗ്രാമവികസന കമ്മീഷണറുടെ 16.07.2018 -ലെ 8339/എച്ച്&ടി-3/2018/ സി.ആർ.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

2012 ഏപ്രിൽ മുതലുള്ള ശമ്പള കുടിശ്ശിക അനുവദിക്കുന്നതിനും അതിനു ശേഷം തുടർച്ചയായി ശമ്പളം അനുവദിക്കുന്നതിനും ഡെപ്യൂട്ടി ഡയറക്ടർ / തത്തുല്യ തസ്തികയിൽ സൂപ്പർ ആന്വേഷൻ വരെ കിലയിൽ തുടരുന്നതിനും വേണ്ടി ശ്രീമതി.പ്രജിത പി.ടി. ഡബ്ല്യൂ.പി.(സി).നമ്പർ - 41222/2017 ആയി കേസ് ഫയൽ ചെയ്യുകയുണ്ടായി. ടി കേസ്സിലെ പരാമർശം (2) പ്രകാരമുള്ള ഇടക്കാല വിധിന്യായത്തിൽ, 3-ാം എതിർ കക്ഷിയായ സർക്കാർ, പരാമർശം (1) പ്രകാരമുള്ള എക്സിബിറ്റ് P.20 നിവേദനം പരിശോധിച്ച് ടിയാളെ നേരിൽ കേട്ടതിന് ശേഷം രണ്ടു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബഹു. ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി.

2) എക്സിബിറ്റ് P.20 എന്നത് പരാതിക്കാരിയായ ശ്രീമതി.പ്രജിത 11.09.17-ൽ സർക്കാരിൽ സമർപ്പിച്ച നിവേദനമാണ്. ടി നിവേദനത്തിൽ ചുവടെപ്പറയുന്ന ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്.

1. ഏപ്രിൽ 2012 മുതൽ 31/03/14 വരെയുള്ള ശമ്പളകുടിശ്ശിക വിതരണം ചെയ്യുക.
2. ഏപ്രിൽ 2014 മുതൽ മാർച്ച് 17 വരെയുള്ള ശമ്പളകുടിശ്ശിക അനുവദിക്കുക.
3. ഡെപ്യൂട്ടി ഡയറക്ടർ / തത്തുല്യ തസ്തികയിൽ ഇന്റഗ്രേറ്റഡ് എന്റിറ്റിയിൽ സൂപ്പർ ആന്വേഷൻ വരെ തുടരാൻ അനുമതി നൽകുക.

തുടർച്ച...............(2)

3) കോടതി നിർദ്ദേശത്തിനനുസൃതമായി പരാതിക്കാരിയെ നേരിൽ കേൾക്കുകയുണ്ടായി. അഹാഡ്സ് അപ്പോയിന്റ്മെന്റ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീമതി. പ്രജിത പി.ടി.ക്ക് 24.06.2005 മുതൽ ഒരു വർഷത്തേയ്ക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിയമനം നൽകിയിരുന്നു. തുടർന്ന് 20.11.2006-ലെ സ.ഉ.(സാധാ) നം. 2943/2006/തസ്വഭവ പ്രകാരം 24.06.2006 മുതൽ മൂന്നു വർഷത്തേക്കു കൂടി ടിയാളുടെ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. തുടർന്ന് വർഷാവർഷം ടിയാളുടെ കരാർ പുതുക്കിയിരുന്നു. അഹാഡ്സിന്റെ കാലാവധി 31.03.2012 - ൽ അവസാനിച്ചതിനെ തുടർന്ന് സെക്രട്ടറിതല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അഹാഡ്സിലെ 12 ജീവനക്കാരെ നിലനിർത്തുവാൻ സർക്കാർ ഉത്തരവായിരുന്നു.

4) 31.03.2012-നു ശേഷമുള്ള ശമ്പളാനുകൂല്യങ്ങൾ നല്കുന്നതു സംബന്ധിച്ചും 27.05.2013 ലെ സ.ഉ.(സാധാ) നം. 1374/2013/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം തുടർന്നു വന്നിരുന്ന ശ്രീമതി. പ്രജിതയുടെ നിയമനം സംബന്ധിച്ചും അഹാഡ്സ്-സി.സി.പി.ആർ.എം. - ന്റെ 16.12.2015 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി ചർച്ച ചെയ്തിരുന്നു. 19.12.2015 ലെ സ.ഉ.(സാധാ) നം. 3817/2015/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം, അഹാഡ്സ് പ്രോജക്ട് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2012 ഏപ്രിൽ മുതൽ 2014 മാർച്ച് വരെയുള്ള ശമ്പള കുടിശ്ശിക അനുവദിച്ചിരുന്നു. 16.03.2017 ലെ സ.ഉ.(എം.എസ്) നം. 57/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അഹാഡ്സ്-സി.സി.പി.ആർ.എം.-നെ ഡിസ്സോൾവ് ചെയ്ത് കിലയിൽ ലയിപ്പിച്ചു കൊണ്ട് ഉത്തരവായിരുന്നു.

5) 16.03.2017-ലെ ഉത്തരവ് പ്രകാരം മാത്രം കിലയിൽ ലയിപ്പിച്ച സ്ഥാപനമെന്ന നിലയിൽ അതിനു മുൻപുള്ള കാലഘട്ടത്തിൽ ഈ വിഷയത്തിൽ ആധികാരികമായി റിപ്പോർട്ട് നൽകുവാൻ ഗ്രാമവികസന കമ്മീഷണർക്ക് സാധിക്കുമായിരുന്നു. എന്നാൽ ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിൽ, പരാതിക്കാരിയുടെ നിയമനം, തുടർനിയമനം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ലഭ്യമല്ലാ എന്നാണ് പ്രസ്താവിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖാന്തിരം 10,30,000/-രൂപായുടെ ബിൽ പാസ്സാക്കി ശ്രീമതി.പ്രജിതയുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് എന്ന് ഗ്രാമ വികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) കില എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, അഹാഡ്സ് - സി.സി.പി.ആർ.എം-നെ സംബന്ധിച്ച കാഷ് ബുക്ക്, റസീപ്റ്റ് വൗച്ചറുകൾ, പേമെന്റ് വൗച്ചർ രജിസ്റ്ററുകൾ എന്നിവ സൂക്ഷിച്ചിട്ടില്ലായിരുന്നുവെന്നും ഫയലുകളും ഡോക്യുമെന്റ്സും കാഷ് ബുക്കും അഹാഡ്സ് - സി.സി.പി.ആർ.എം-ന്റെ ആക്ടിവിറ്റീസ് സംബന്ധിച്ച ഫയലുകളും കിലയ്ക്ക് കൈമാറിയിട്ടില്ലായിരുന്നുവെന്നും കാണുന്നു. 2011-12 മുതൽ 2016-17 വരെ വർഷങ്ങളിലെ അക്കൗണ്ടുകൾ ടിയാൾ കൈകാര്യം ചെയ്തിരുന്നുവെന്നും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നില്ലെന്നും കില ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർച്ച...............(3)

7) കില ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും അഹാഡ്സുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെയും ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിലും ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. റിക്കാർഡ്സുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ കണ്ടെത്തുകയുണ്ടായി:-

- ശ്രീമതി.പ്രജിതയ്ക്ക് 27.05.13 വരെ തുടർച്ചാനുമതി ലഭിച്ചതായി കാണുന്നു.
- 12.03.14 ൽ അഹാഡ്സ് - സി.സി.പി.ആർ.എം സൊസൈറ്റി രജിസ്റ്റർ ചെയ്തതിനു ശേഷം ടിയാൾക്ക് തുടർച്ചാനുമതി ലഭിച്ചിരുന്നോ എന്ന വിവരം സി.ആർ.ഡി, കില എന്നീ സ്ഥാപന മേധാവികൾ സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമല്ല.
- അഹാഡ്സ് - സിസിപിആർഎം സൊസൈറ്റിയായി 12.03.14-ൽ രജിസ്റ്റർ ചെയ്തതിനു ശേഷം 16.12.2015-ൽ ചേർന്ന ആദ്യത്തെ ഗവേണിംഗ് ബോഡി യോഗത്തിൽ പരാതിക്കാരിയുടെ നിയമനവും തുടർച്ചാനുമതിയും അംഗീകരിച്ചുവെങ്കിലും ഇക്കാര്യത്തിൽ സർക്കാർ അനുമതി ലഭിച്ചിട്ടില്ലാ എന്നു കാണുന്നു.

8) കോടതി നിർദ്ദേശത്തിൽ പരാമർശിക്കുന്ന എക്സിബിറ്റ് P.20 നിവേദനത്തിലെ ഒന്നാമത്തെ ആവശ്യമായ 2012 ഏപ്രിൽ മുതൽ 2014 മാർച്ച് വരെയുള്ള ശമ്പള കുടിശ്ശിക ഗ്രാമവികസന കമ്മീഷണർ അനുവദിച്ച നൽകിയതു വഴി ഒന്നാമത്തെ ആവശ്യം പരിഗണിക്കപ്പെട്ടിട്ടുണ്ട്. ടിയാൾക്ക് 27.05.13 വരെ മാത്രമേ തുടർച്ചാനുമതി നൽകിയിട്ടുള്ളൂ എന്നതിനാലും 6.12.2015-ൽ കൂടിയ അഹാഡ്സ് - സി.സി.പി.ആർ.എം -ന്റെ ആദ്യത്തെ ഗവേണിംഗ് ബോഡി യോഗത്തിൽ ശ്രീമതി.പ്രജിതയുടെ നിയമനവും തുടർച്ചാനുമതിയും അംഗീകരിച്ചുവെങ്കിലും സർക്കാർ അനുമതി നൽകിയിട്ടില്ലാ എന്നു കാണുന്നതിനാലും പരാതിക്കാരിയുടെ 2014 ഏപ്രിൽ മുതൽ 2017 മാർച്ച് വരെയുള്ള കുടിശ്ശിക അനുവദിക്കുന്ന കാര്യവും ഡെപ്യൂട്ടി ഡയറക്ടർ / തത്തുല്യ തസ്തികയിൽ ഇന്റഗ്രേറ്റഡ് എന്റിറ്റിയിൽ തുടർ അനുമതി നൽകണമെന്നതും പരിഗണിക്കുവാൻ നിർവ്വാഹമില്ല.

9) ഇപ്രകാരം ഡബ്ല്യു.പി.(സി).41222/2017 നമ്പർ കേസ്സിലെ 20.12.17-ലെ ഇടക്കാല വിധിയിലെ കോടതി നിർദ്ദേശം പാലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**സി.എസ്. ശ്രീകല**
**ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ശ്രീമതി. പ്രജിത പി.ടി., 'ഇന്ദീവരം', പെരിമ്പടാരി പി.ഒ., മുക്കണ്ണം, മണ്ണാർക്കാട്, പാലക്കാട്.
അക്കൗണ്ടന്റ് ജനറൽ (ജി &എസ് എസ് എ/ഇ &ആർ എസ് എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**
**സെക്ഷൻ ഓഫീസർ.**